# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.786** **10.06.2019-ൽ മറുപടിയ്ക്ക്**

**പട്ടികജാതി വകുപ്പ് വഴി വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകൾ**

| | ചോദ്യം: | | മറുപടി: |
|---|---|---|---|
| | **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** |
| (എ) | മുൻ മുഖ്യമന്ത്രി ശ്രീ.സി.എച്ച്.മുഹമ്മദ് കോയ ആരംഭിച്ച മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസത്തിനുവേണ്ടി നൽകിയിരുന്ന കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള സ്കോളർഷിപ്പ് സംസ്ഥാനത്ത് കഴിഞ്ഞ മൂന്നുവർഷമായി നൽകുന്നില്ലെന്ന കാര്യം പരിശോധിക്കുമോ ; | (എ) | FC/KPCR വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യ വിതരണത്തിന് മുൻ അദ്ധ്യയന വർഷങ്ങളിലും നടപ്പ് (2019-20) വർഷവും 16 കോടി രൂപ വീതം ടി ഇനത്തിൽ അനുവദിച്ചിരുന്നു. 2017 ഒക്ടോബർ 15 വരെ ഡയറക്ടറേറ്റ്തലത്തിൽ കുടിശ്ശികയായിരുന്ന ആനുകൂല്യം വിതരണം ചെയ്യുവാൻ വിനിയോഗിച്ചിട്ടുണ്ട്. |
| (ബി) | പട്ടികജാതി വകുപ്പ് വഴി വിതരണം നടത്തുന്ന സ്കോളർഷിപ്പിനുവേണ്ടി പട്ടികജാതി വകുപ്പ് ഡയറക്ടർ സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എന്നാണ് പ്രൊപ്പോസൽ അയച്ചത്; പ്രൊപ്പോസൽ പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | വർഷാവർഷം ബജറ്റിൽ വകയിരുത്തുന്ന തുക പ്രസ്തുത വിഭാഗം വിദ്യാർത്ഥികളുടെ ആനുകൂല്യം പൂർണമായും വിതരണം ചെയ്യാൻ അപര്യാപ്തമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>FC/KPCR വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യം കുടിശ്ശിക തുകയും നടപ്പ് വർഷം പ്രതീക്ഷിക്കുന്ന തുകയും കൂടി ചേർത്ത് വിതരണം ചെയ്യുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ 04/06/2019-ൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടിയെടുക്കുന്നതാണ്. |
| (സി) | 2010 ജനുവരി മുതൽ സ്കോളർഷിപ്പ് വിതരണം ചെയ്തത് സംബന്ധിച്ച വിവരം ലഭ്യമാക്കുമോ? | (സി) | **2010** ജനുവരി മുതൽ **2019** മേയ് **31** വരെ **229613** വിദ്യാർത്ഥികൾക്കായി **157.8** കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**